മിസ്റ്റർ സി. യു. നാരായണൻ: അതിന്ന തീരുമാനമെടുക്കാൻ എത്ര താമസം വേണം?

മിസ്റ്റർ കെ. അയ്യപ്പൻ: അതു കുറച്ചു സമയമെടുക്കും.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: ഇതിൽ പ്രധാനമായിട്ടുള്ള കാര്യം എന്താണ്?

മിസ്റ്റർ കെ. അയ്യപ്പൻ: പ്രധാനമായിട്ടുള്ളതു തേങ്ങാപാട്ടത്തിന്റെ കാര്യമാണ്.

TRENCHING GROUND—CHANGE OF LOCATION

13. (245) മിസ്റ്റർ കെ. സി. മായൻകുട്ടി മേത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു മറുപടി തരുവാൻ ബഹുമാനപ്പെട്ട ഗവണ്മെണ്ടിനു ദയവുണ്ടാകുമോ.—

(എ) കല്ലൂർ മലം ഡെപ്പോ സ്ഥലം മാറ്റിക്കിട്ടണമെന്ന പൊതുജനങ്ങളിൽനിന്നും തുടരെത്തുടരെ ആക്ഷേപങ്ങൾ കിട്ടിക്കൊണ്ടിരിക്കുന്നുണ്ടോ;

(ബി) ഇക്കാര്യത്തിൽ ഗവണ്മെണ്ടിന്റെ തീരുമാനം എന്താണ്;

(സി) ഇതു് എറണാകുളം പട്ടണത്തിന്റെ അതിർത്തിയിൽനിന്നും എത്ര ഫർലോങ്ങ് അകലെയാണ് സ്ഥിതിചെയ്യുന്നതു്;

(ഡി) ഈ മലം ഡെപ്പോ എറണാകുളത്തേക്കുള്ള എറ്റവും പ്രധാനറോഡിന്റെ തൊട്ടരികിലല്ലേ സ്ഥിതിചെയ്യുന്നതു്;

(ഇ) ഇതിന്റെ നാലുഭാഗവും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലമല്ലേ;

(എഫ്) മലം വേറെ വിധത്തിൽ നീക്കംചെയ്യുന്നതിനെപ്പറ്റി ഗവണ്മെണ്ടു് അന്വേഷണം നടത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിവരം അറിയിക്കാമോ?

മിസ്റ്റർ സി. എ. ഔസേപ്പു്:

(എ) ഉണ്ടു്.

(ബി) കല്ലുങ്കനിന്നു മാറ്റണമെന്നാണു് തീർച്ചയാക്കിയിരിക്കുന്നതു്.

(സി) ഏകദേശം രണ്ടു ഫർലോങ്ങു്.

(ഡി) അതെ.

(ഇ) അതെ.

(എഫ്) മലം ചുറ്റുപാടും നിവസിക്കുന്നവർക്കു ഉപദ്രവമില്ലാത്ത തരത്തിൽ വളമാക്കിത്തീർക്കുന്നതിനെപ്പറ്റി ഗവണ്മെണ്ടു് അന്വേഷിച്ചുവരികയാണു്. മറ്റുപ്രദേശങ്ങളിലെ നഗരങ്ങളിൽ എന്തു പദ്ധതിയാണു് അംഗീകരിച്ചിരിക്കുന്നതു് എന്നു് അന്വേഷിച്ചുവരുന്നുണ്ടു്.

POLICE STATION AT OLLUR—OPENING OF

14. (177) മിസ്റ്റർ പി. എസ്സ്. മാധവൻ വൈദ്യർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു മറുപടി പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെണ്ടിനു ദയവുണ്ടാകുമോ.—

(എ) മല്ലൂരിൽ ഒരു പോലീസു് സ്റ്റേഷൻ ആരംഭിച്ചു കിട്ടുവാൻ പൊതുജനങ്ങളിൽനിന്നു നിവേദനം ലഭിക്കുകയുണ്ടായിട്ടുണ്ടോ;

(ബി) സ്റ്റേഷൻ തുടങ്ങുന്നതിനു ഗവണ്മെണ്ടു തീരുമാനിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്നാണു് തുടങ്ങുവാൻ ഉദ്ദേശിക്കുന്നതു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ:

(എ) ഉവ്വു്.

(ബി) ഈ സംഗതി ആലോചനയിൽ ഇരിക്കയാണു്.

(സി) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ പി. എസ്സ്. മാധവൻ വൈദ്യർ: അടുത്തുതന്നെ ഒരു തീരുമാനമുണ്ടാകുമെന്നു വിശ്വസിക്കാമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അടുത്തു് ഒരു തീരുമാനമുണ്ടാകുമെന്നു പറയാം.

"EXPRESS" REPORT ON MINIMUM WAGES, BONUS AND APPELLATE TRIBUNAL—PARTICULARS REGARDING

15. (17) **Mr. C. V. Iyyu** *(Kunnamkulam)*: Will Government be pleased to state.—

(*a*) Whether they have noted paragraph 6 of the news report in column 1 on page 3 of the 'Express' (Trichur) dated 3rd Kanni 1124 dealing on minimum wages and bonus for workmen and also about the abolition of Appellate Tribunal;

(*b*) whether they have accepted the suggestions mentioned therein;

(*c*) if not, why?

LIBRARY ARCHIVES Kerala Legislative Assembly